കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കീഴ്മാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് : 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail:doekm.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

നം.കെ.എസ്.എ.ഇ.കെ.എം.(പി.5)1694/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്
തീയതി: 07.12.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
കീഴ്മാട് ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം : - കീഴ്മാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും 3 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം.(പി.5)1694/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി. 07.12.2019

# എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് കെ.കെ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.09.2019 മുതൽ 30.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അബ്ദുൽ സലാം ടി.ഐ . | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ കെ വി സന്തോഷ് കുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ സന്തോഷ് കുമാർ എം. | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എ.രമേശ് | 01.04.2018 മുതൽ 31.03.2019വരെ |

## സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഡാർളി ആന്റണി | 01.04.2018 മുതൽ 08.08.2018(F.N.)വരെ |
| ശ്രീമതി അംബിക കെ പി | 8/8/18(A.N.)മുതൽ 28/3/19 വരെ |
| ശ്രീമതി റോഷിൻകോശി കെ (ഇൻ ചാർജ്ജ്) | 29/3/18 മുതൽ 31/3/19 വരെ |

**നിർവ്വഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.റോഷിൻ കോശി.കെ. | 01.04.2018 | 31/3/19 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.ലിസ്യൂക്സ് സെബാസ്റ്റ്യൻ | 01.04.2018 | 31/3/19 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഫിലോമിന സക്കറിയ | 1/04/18 | 31/3/19 |
| കൃഷി ഓഫീസർ | ശ്രീമതി.ഹാജിറ .പി.എച്ച്. | 1/04/18 | 31/3/19 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.സിമി. എൻ | 01.04.2018 | 31/3/19 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ബീന സക്കറിയ<br>ഡോ ജലീന നാലകത്ത്<br>ഡോ സതീഷ് കുമാർ<br>ഡോ മിനി കെ എസ് | 1/04/18<br>14/7/18<br>20/7/18<br>27/9/18 | 13/7/18<br>19/7/18<br>27/9/18<br>31/3/19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ബിജിമോൾ ഭാസ്കരൻ | 1/04/2018 | 20/10/18 |
| -ടി- | ശ്രീമതി.കദീജബീവി കെ എം | 20/10/18 AN | 15/11/18 |
| -ടി- | ശ്രീ.എൽദോസ് പോൾ | 15/11/18 | 17/1/19 |
| -ടി- | ശ്രീമതി.സുജ എ എം | 17/1/19 | 31/3/19 |
| വെറ്ററിനറി സർജ്ജൻ | ഡോ.ഷറഫുദീൻ എം.<br>ഡോ ബബിത | 1/04/18<br>27/11/18 | 27/11/18<br>31/3/19 |
| എച്ച് എം, ഗവ യുപി സ്കൂൾ | ശ്രീമതി.ഗീതമോൾ കെ എൻ | 1/04/18 | 31/3/2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഉമ്മു ഹബീബ<br>സഹീറ എം എ | 1/04/18<br>21/6/18 | 20/6/18<br>31/3/19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുട്ടമശ്ശേരി) | ശ്രീമുഹമ്മദ് സിദ്ദിക്.പി.കെ. | 01.04.2018 | 31/3/19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടയപ്പുറം) | ശ്രീമതി.നിഷ കെ.എ. | 1/04/18 | 23/1/19 |
| -ടി- | ശ്രീമതി.ഷെജീന മൊയ്തീൻ | 24/1/19 | 31/3/19 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | വസ്തു നികുതി – അപാകതകൾ | 1-13 |
| 14 | സ്ഥാപന തൊഴിൽ നികുതി – അപാകതകൾ | 1-14 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി – അപാകതകൾ | 1-15 |
| 16 | സ്ഥാപന ലൈസൻസ് ഫീ – അപാകതകൾ | 1-16 |
| 17 | ഇ-ടെണ്ടർ ഫോമിൽ ലഭിക്കേണ്ട തുക സംബന്ധിച്ച് | 1-17 |
| 18 | ഹോമിയോ മരുന്ന് വിതരണം - ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 19 | കെട്ടിടങ്ങൾ ക്രമവൽക്കരിച്ചപ്പോൾ പെർമിറ്റ് ഫീ ഈടാക്കിയില്ല. | 1-19 |
| 20 | തെരുവുവിളക്കുകളുടെ പരിപാലനം - അപാകതകൾ | 1-20 |
| 21 | തൊഴിലുറപ്പ് പദ്ധതി – കരാർ തുകയിൽ നിന്ന് ടിഡിഎസ് ഇനത്തിൽ കുറവു ചെയ്യുന്നത് സംബന്ധിച്ച്. | 1-21 |
| 22 | ബാങ്ക് അക്കൗണ്ട് - ബാലൻസ് തുകക്ക് പലിശ ലഭിക്കുന്നില്ല | 1-22 |
| 23 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ | 1-23 |
| 24 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തനം | 1-24 |
| 25 | വി.ഇ.ഓ. നടപ്പാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ | 1-25 |
| 26 | വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം (scp വനിത)- ബിൽ തുകയിൽ 2% GST, TDS കിഴിവ് നടത്തിയിട്ടില്ല. | 1-26 |
| 27 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - അപാകത | 1-27 |
| | <u>ഭാഗം 4</u> | |
| 28 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 40 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |


# <u>ഭാഗം -1</u>

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28/3/2018 തീയതിയിലെ I/I തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 8/2/2019 തീയതിയിലെ I/I തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019 – 13.06.2019 | കെ.എസ്.എ. ഇ.കെ.എം (പി.ജി.)1227(25)/2019, തീ.06.08.19 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,79,32,453 |
| വരവ് | 10,57,62,075 |
| ആകെ | 13,36,94,528 |
| ചെലവ് | 8,38,76,820 |
| നീക്കിയിരിപ്പ് | 4,98,17,708 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ചെലവഴിക്കാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17849499 | 17849499 | 17179205 | 0 | 670294 | (രൂ.10501/-) RP-7ചെലവുമായുള്ള വ്യത്യാസം KWA യ്ക്കായി സോഴ്സിൽ കുറവു ചെയ്ത തുകയാണ്. |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7805000 | 7805000 | 5473752 | 0 | 2331248 | RP-7 ചെലവുമായുള്ള വ്യത്യാസം ഗുണഭോക്താവ് ട്രഷറിയിൽ നേരിട്ട് തിരിച്ചടച്ച തുകയാണ് (രൂ.3000/-) |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 247000 | 247000 | 227400 | 0 | 19600 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9162000 | 9162000 | 6112377 | 0 | 3019623 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3731000 | 3731000 | 2410615 | 0 | 1320385 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10305693 | 10305693 | 7350432 | 0 | 2955261 | RP-7ചെലവുമായുള്ള വ്യത്യാസം ഗുണഭോക്താവ് ട്രഷറിയിൽ നേരിട്ട് തിരിച്ചടച്ച തുകയാണ് (രൂ.2000/-) |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 | | |
| സാക്ഷരത | | 45172 | 1205 | 46377 | 0 | 46377 | | |
| ദുരിതാശ്വാസ നിധി | | 5139 | 2289 | 7428 | 0 | 7428 | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 11980488.95 | 11980488.95 | 11980488.95 | 0 | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2860.75 | 247306 | 250166.75 | 249843 | 323.75 | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>- സാനിറ്റേഷൻ<br>- ഐ.സി.ഡി.എസ്. | | 0<br>1687955 | 583400<br>454325 | 583400<br>2142280 | 0<br>1488836 | 583400<br>653444 | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -- | 1385389 | 1385389 | 1295389 | 90000 | | |
| | ജില്ലാ പഞ്ചായത്ത് | 0 | 3453400 | 3453400 | 1393400 | 2060000 | | |
| ബി ഫണ്ട് | | 0 | 54006160 | 54006160 | 54006160 | 0 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 28310347 | 29733950 | 58044297 | 20755467 | 37288830 | | |
| | ട്രഷറി അക്കൗണ്ട് | -431065 | 26699181 | 26268116 | 16095545 | 10172571 | | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 10,55,01,506 | 155 | 6,24,98,871 | 76 | 22 | 61.26 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ______ഇല്ല</u>

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2,860.75 | 2,47,306 | 2,50,166.75 | 2,49,843 | 323.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,19,80,488.95 | 1,19,80,488.95 | 1,19,80,488.95 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16,560 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 37,71,900 | 300 |
| വിധവാപെൻഷൻ | 1,63,80,500 | 1320 |
| വാർദ്ധക്യകാലപെൻഷൻ | 2,86,64,600 | 2421 |
| വികലാംഗപെൻഷൻ | 47,83,800 | 371 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 2,83,800 | 65 |
| സാധുക്കളായ പെൺമക്കളുടെ വിവാഹധനസഹായം | 90,000 | 3 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/9/2019-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,194/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽവന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. സ്യൂട്ട് രജിസ്റ്ററിൽ കേസ് സംബന്ധമായ എല്ലാ വിവരങ്ങളും നടത്തിപ്പിനുണ്ടാകുന്ന ചെലവുകളും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, നിലവിലുള്ള ആസ്തികൾ ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ഇ-ടെണ്ടർ നടത്തിയപ്പോൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്ന തുക ലഭിച്ചിട്ടില്ല.

5. തൊഴിൽ നികുതി, ലൈസൻസ് ഫീ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിൽ അനേകം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപങ്ങൾ പ്രവർത്തിക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. കൂടാതെ നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും

ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/9/2019 | 6/19, 7/19, 8/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 2010-11 മുതൽ 2014-15വരെ | 20/10/2015 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ-ഇ.കെ.എം(പിജി) 1227/(25)/19 /6.8.2019 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# 1-13 വസ്തു നികുതി-അപാകതകൾ

1. 2018-19 വാർഷിക ധനകാര്യ പത്രിക ഷെഡ്യൾ I-18-പ്രകാരം പ്രയർ പീരീയഡ് ഐറ്റംസ് എന്ന ഹെഡിൽ റസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 1,93,798/- രൂപയും നോൺറസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 12,12,576/- രൂപയും വരവുള്ളതായി കാണുന്നു. ഇത്തരത്തിൽ മുൻവർഷ കുടിശ്ശിക വസ്തുനികുതിയിനത്തിൽ ലഭിക്കാനുണ്ടായിരുന്ന തുകയേക്കാൾ കൂടുതലായി നികുതി ലഭ്യമായതിന്റെ വിദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക വസ്തുനികുതിയുടെ കാര്യത്തിൽ സഞ്ചയ പ്രകാരമുള്ള കുടിശ്ശികയുമായി പൊരുത്തപ്പെടുത്തുന്നതിനായാണ് ഇത്തരത്തിൽ നികുതി വ്യത്യാസം വന്നിട്ടുള്ളതെങ്കിൽ ഏതേത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് വ്യതാസം സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും സാംഖ്യ- സഞ്ചയ റികൺസിലേഷൻ തയ്യാറാക്കി നൽകേണ്ടതുമാണ്.

2. വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

**a) താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യത്തിനുള്ള 20% വർദ്ധന വരുത്തിയിട്ടില്ല.**

| ക്രമ നം | കെട്ടിട നം | അടിസ്ഥാന വസ്തു നികുതി | ലൈബ്രറി സെസ്സ് ഉൾപ്പെടെ നിർണ്ണയിച്ച നികുതി | വസ്തു നികുതി കുറവ് (20%) |
|---|---|---|---|---|
| 1 | 7/523 D | 2685 | 2256 | 537 |
| 2 | 8/60B | 8310 | 6961 | 1662 |
| 3 | 10/434C | 3232 | 2716 | 646 |
| 4 | 17/178A | 13583 | 11411 | 2717 |
| 5 | 18/658A | 2069 | 1957 | 414 |
| 6 | 19/63B | 3224 | 3048 | 645 |

ഈ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തി അധിക നികുതി ഈടാക്കി വിവരം അയിക്കേണ്ടതാണ്.

**b) താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 2.5 മീറ്ററിൽ വഴി സൗകര്യത്തിനുള്ള കെട്ടിടത്തിന് 1.5 മീറ്ററിൽ താഴെ വഴി സൗകര്യത്തിനുള്ള 10% ഇളവ് അനുവദിച്ചു.**

| ക്രമ | കെട്ടിട | അടിസ്ഥാന വസ്തു | ലൈബ്രറി സെസ്സ് ഉൾപെടെ | വസ്തു നികുതി |
|---|---|---|---|---|

| നം | നം | നികുതി | നിർണ്ണയിച്ച നികുതി | കുറവ്(10%) |
|---|---|---|---|---|
| 3 | 10/64A | 915 | 769 | 92 |

ഈ കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയം നടത്തി അധിക നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**c) താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ വിലകൂടിയ തറ നിർമ്മിതിയ്ക്കുള്ള 15% വർദ്ധന വരുത്തിയിട്ടില്ല.**

| ക്രമ നം | കെട്ടിട നം | തറ വിസ്തീർണ്ണം | അടിസ്ഥാന വസ്തു നികുതി | ലൈബ്രറി സെസ്സ് ഉൾപ്പെടെ **നിർണ്ണയിച്ച നികുതി** |
|---|---|---|---|---|
| 1 | 5/456-A | 291.5 | 1458 | 1378 |
| 2 | 18/658A | 413.81 | 2069 | 1957 |

ഈ കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി നിർണ്ണയകൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

**d)** പഞ്ചായത്തിന്റെ വസ്തുനികുതി നിരക്ക് നിർണ്ണയവുമായി ബന്ധപ്പെട്ട തീരുമാന പ്രകാരം പഞ്ചായത്തിൽ ത്രിതീയ മേഖലയിൽ പ്രദേശങ്ങൾ ഇല്ല എന്ന് തിരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ 2018-19 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെ ചേർത്ത കെട്ടിടങ്ങളെ ത്രിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകിയതായി കാണുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം |
|---|---|---|
| 1 | 1 | 419A, 469 D, 480A |
| 2 | 5 | 141A, 300A, 300B, 300C, 300D |
| 3 | 6 | 21A, 25A, 477A |
| 4 | 7 | 630A |
| 5 | 8 | 66A, 215B, 462 A |
| 6 | 9 | 501 B |
| 7 | 10 | 544A, 587 A |
| 8 | 13 | 113 B, 128, 576C |
| 9 | 14 | 32A, 236B, 236A, 257 A |
| 10 | 15 | 109A, 150C |
| 11 | 17 | 97A1, 107 A, 272A, 369A,398 B |
| 12 | 19 | 111A, 252A |

ഈ കെട്ടിടങ്ങളുടെയും പഞ്ചായത്തിലെ മറ്റു എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പരിശോധിച്ച് നികുതി പുനർനിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7-ന് മറുപടി നല്കിയിട്ടില്ല.

# 1-14 സ്ഥാപന തൊഴിൽ നികുതി -അപാകതകൾ

1. ട്രേഡേഴ്സിന്റെയും സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തി തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

2. കുടിശ്ശിക രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ, കുടിശ്ശിക വരവ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. 2017-18 വർഷം സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ 4,150/- രൂപയാണ് ലഭിയ്ക്കാനുണ്ടായിരുന്നത്. എന്നാൽ 2018-19 വർഷം 13,950/- രൂപ ഈയിനത്തിൽ ലഭിച്ചതായി കാണുന്നു. കൂടാതെ പ്രിയർ പീരിയഡ് എന്ന ഹെഡ്ഡിൽ 9,800/- രൂപ സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. കുടിശ്ശിക രേഖപ്പെടുത്തുന്നത് കൃത്യമല്ല എന്ന് ഇത് വ്യക്തമാക്കുന്നു. കുടിശ്ശിക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കേണ്ടതാണ്.

3. 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമാക്കിയില്ല.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾ, റേഷൻ കടകൾ, കള്ള് ഷോപ്പുകൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ മറ്റു സേവനസ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം |
|---|---|---|
| 1 | 368 | ഇൻസ്റ്റാകാർട്ട് സർവ്വീസസ് |
| 2 | 455 | പർദ ഹൗസ് |
| 3 | 456 | തിനാംപുരം ടിമ്പർ ഇൻഡസ്ട്രീസ് |
| 4 | 457 | മമ്മി & മി ഫാൻസി കളക്ഷൻസ് |
| 5 | 458 | ഈസ് ടി ചായ് പ്രൈവറ്റ് ലിമിറ്റഡ് |
| 6 | 459 | പ്രൊവിഷൻ സ്റ്റോർ, സഹകരണഭവൻ |
| 7 | 460 | വളം ഡിപ്പോ |
| 8 | 461 | പ്രൊവിഷൻ സ്റ്റോർ |
| 9 | 462 | അനന്ദു മെഡിക്കൽസ് |
| 10 | 463 | പലചരക്ക് ചില്ലറ വിൽപ്പന |
| 11 | 464 | മേഘ സിമന്റ് പ്രോഡക്ട്സ് |
| 12 | 465 | എ.ജെ. ട്രേഡേഴ്സ് |
| 13 | 466 | ട്രാവൻകൂർ ഇംപെക്സ് |
| 14 | 467 | ഹൈടെക് മെഷിനറീസ് & ഇക്യുപ്മെന്റ്സ് |
| 15 | 468 | സിറ്റി പോളിമേഴ്സ് |
| 16 | 492 | വി.കെ. ഫുഡ് ഇൻഡസ്ട്രീസ് |
| 17 | 493 | ഹോട്ടൽ, അൽഷെഫ്, മലബാറി |

ഈ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| | | <u>2018-19</u> |
| 1 | ഫെഡറൽ ബാങ്ക് | I & II |
| 2 | SCB കീഴ്മാട് | II |
| 3 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | II |
| 4 | SBI കീഴ്മാട് | II |
| 5 | കാനറ ബാങ്ക് | I & II |
| 6 | SCB കുട്ടമശ്ശേരി | I & II |
| 7 | മാവേലി സ്റ്റോർ | I & II |
| | | |

| | | |
|---|---|---|
| 8 | ഫൈൻ ടെക് കോർപറേഷൻ | I & II |
| 9 | മുത്തൂറ്റ് ഫിൻ കോർപ് | I & II |
| 10 | ചോള ബിസിനസ്സ് സർവീസ് ലിമിറ്റഡ് | I & II |
| 11 | ചോളമണ്ഡലം | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15 ജീവനക്കാരുടെ തൊഴിൽ നികുതി-അപാകതകൾ

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്നതും മുൻ വർഷങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതുമായ താഴെ ചേർത്ത സ്ഥാപനങ്ങളിൻ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | YMCA ക്യാമ്പ് സെന്റർ | I&II |
| 2 | അബാകസ് സൂപ്പർ മാർക്കറ്റ് | I&II |
| 3 | ഫാമിലി സൂപ്പർ മാർക്കറ്റ് | I&II |
| 3 | ഹോമിയോ ക്ലിനിക്, തോട്ടുംമുഖം | I&II |
| 4 | ഇലക്ട്രിക്കൽ ലിഫ്റ്റ് ഇറിഗേഷൻ | I&II |
| 5 | കെ എസ് ഇ ബി ട്രാൻസ്മിഷൻ യൂണിറ്റ് | I&II |
| 6 | ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ എച്ച് എസ് എസ് കീഴ്മാട് | I&II |
| 7 | എസ് ബി ഐ കീഴ്മാട് | I&II |
| 8 | സ്പിയ ടെക് ഇൻഡ്യ(പി) ലിമിറ്റഡ് | I&II |
| 9 | സെൻസിസ്റ്റ് ടെക്നോളജി ഇൻഡ്യ(പി) ലിമിറ്റഡ് | I&II |
| 10 | ലിവിയോങ്ങ് ന്യൂട്രാസെനാറ്റിക്കൽസ് | I |
| 11 | ഇൻസ്റ്റകാർട്ട് സർവീസസ് (പി) ലിമിറ്റഡ് | I |
| 12 | ഇന്നവേറ്റീവ് ടെക്നോളജീസ് | I&II |
| 13 | ഐ എസ് ആർ ഒ | I&II |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2. സ്ഥാപന മേധാവികൾ സമർപ്പിയ്ക്കുന്ന ലിസ്റ്റുകളിൽ വരുമാനം പൂർണ്ണമായും രേഖപ്പെടുത്തുന്നുണ്ടന്ന് ഉറപ്പാക്കേണ്ടതും അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്ഥിര, താല്ക്കാലിക, ദിവസ, കരാർ വേതനക്കാരിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നം | ലൈസൻസ് | സ്ഥാപനത്തിന്റ പേര്/തരം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 2 | ഉസ്മാനിയ വുഡ് ഡികോഴ്സ് | 9 |
| 2 | 3 | വൈദ്യരത്നം ഔഷധശാല | 8 |
| 3 | 4 | ജെ.ജെ.പോളിമേർസ് | 5 |
| 4 | 10 | അമീൻ ട്രെയ്ഡ്സ് | 9 |
| 5 | 13 | എ.വി.ടി. കോർമിക് ഇൻഗ്രെഡിയന്റ്സ് | - |
| 6 | 15 | ലക്കി എന്റർപ്രൈസസ് | 8 |
| | | | |

| | | | |
|---|---|---|---|
| 7 | 24 | ഗ്ലോബൽ കണ്ടക്ടേർസ് പ്രൈ. ലിമിറ്റഡ് | 9 |
| 8 | 29 | ഫാമിലി സൂപ്പർമാർക്കറ്റ് | 3 |
| 9 | 30 | കണ്ടപ്പാടൻ & സൺസ്, ബേക്കറി യൂണിറ്റ് | 10 |
| 10 | 32 | ഹിന്റ്റാനിയ പ്ലാസ്റ്റിക് പ്രൈ.ലിമിറ്റഡ് | 3 |
| 11 | 33 | ജോൺസൺ & ജോൺസൺ പ്രൈ.ലിമിറ്റഡ് | 6 |
| 12 | 37 | റിമ ഡയറി പ്രോഡക്ട്സ്, പ്രൈ. ലിമിറ്റഡ് | 38 |
| 13 | 38 | ടോപ്പ് ഗ്രാനൈറ്റ്സ് | 3 |
| 14 | 41 | സന ലോജിസ്റ്റിക്സ് | 15 |
| 15 | 42 | ന്യൂറിഷ്കോ ബിവറേജസ് ലിമിറ്റഡ് | - |
| 16 | 45 | മെറ്റൽ ക്രഷർ | 2 |
| 17 | 46 | പന്തക്കട പോളിമേർസ് | 8 |
| 18 | 47 | കദീജ ബീവി (ഉടമ) | 8 |
| 19 | 48 | ഫെയർ പ്ലാസ്റ്റിക് | 4 |
| 20 | 49 | പ്ലാസ്റ്റിക് ഇൻജക്ഷൻ മോൾഡിംഗ് യൂണിറ്റ് | 8 |
| 21 | 50 | സുപ്രീം സ്റ്റീൽ ഇൻഡസ്ട്രീസ് | 15 |
| 22 | 51 | ഏഷ്യൻ പെയിന്റ്സ് ലിമിറ്റഡ് | 48 |
| 23 | 52 | ആലമ്പിള്ളി പ്രഷർ ടെസ്റ്റിങ് കമ്പനി | 48 |
| 24 | 54 | മിസ്റ്റർ ബട് ലർ പ്രൊടെക് അപ്ലയിൻസ് പ്രൈ.ലിമിറ്റഡ് | 25 |
| 25 | 65 | മെറ്റൽ ക്രഷർ | 5 |
| 26 | 68 | സ്വയന പ്ലാസ്റ്റ് | 4 |
| 27 | 69 | സ്വാതി ഫുഡ്സ് | 8 |
| 28 | 70 | കനക പോളിമേർസ് പ്രൈ. ലിമിറ്റഡ് | 18 |
| 29 | 76 | ലോജിക് ഇൻഡ്യ ട്രെയിഡിംങ് കമ്പനി | 2 |
| 30 | 84 | എക്സൽ ഗ്രാനൈറ്റ്സ് | 5 |
| 31 | 85 | ജീവൻ ഫുഡ്സ് & സ്പൈസസ് | 4 |
| 32 | 90 | ക്യാപിറ്റൽ ക്ലേ പ്രൊഡക്ട്സ് | 7 |
| 33 | 94 | കടവിൽ ഹോളോ ബ്രിക്സ് | 8 |
| 34 | 95 | കടവിൽ എന്റർപ്രൈസസ്, ക്രഷർ | 3 |
| 35 | 98 | ഗ്രാന്റ് വെൽ സ്പോർട്ടിംങ് ഗുഡ്സ് | 7 |
| 36 | 99 | മെഡിക്കൽ ട്യൂബ് & കമ്പോണന്റ് നിർമ്മാണം | 7 |
| 37 | 101 | ജെ.ജെ. ബയോടെക് & സ്പെഷ്യാലിറ്റി കെമിക്കൽസ് ലിമിറ്റഡ് | 31 |
| 38 | 102 | ഇ.വി.എം.റബ്മിക്സ് കമ്പനി പ്രൈ.ലിമിറ്റഡ് | 70 |
| 39 | 122 | എസ്. പെട്രോളിയം – പെട്രോൾ പമ്പ് | 8 |
| 40 | 125 | ട്രാൻസിസ്, കാർഗോ മൂവേർസ് | 19 |
| 41 | 132 | കരേടത്ത് കാഷ്യൂ പ്രോസസേർസ് | 7 |
| 42 | 134 | സി.ഡി. ഇൻഡസ്ട്രീസ് | 5 |
| 43 | 183 | ഗോർഡ് വുഡ് ഇൻഡസ്ട്രീസ് | 7 |
| | | | |

| | | | |
|---|---|---|---|
| 44 | 186 | രാജ്ജ ഫൈൻ സ്കർവുഡ് വർക്സ് | 6 |
| 45 | 197 | ക്യൂബിക് എഞ്ചിനീയേഴ്സ് പ്രൈ. ലിമിറ്റഡ് | 19 |
| 46 | 203 | ജെ.& ജി. അസോസിയേറ്റ്സ് | 10 |
| 47 | 205 | ആർ.ഇ.ജി. കോർപ്പറേഷൻ | 8 |
| 48 | 206 | പി.വി.സി. പൈപ്പ് നിർമ്മാണ യൂണിറ്റ് | 9 |
| 49 | 226 | നെൻമണി റൈസ് മിൽ | - |
| 50 | 227 | ,, | - |
| 51 | 260 | മക്കാളെ ഇൻഡസ്ട്രീസ് പ്രൈ. ലിമിറ്റഡ് | 3 |
| 52 | 272 | ഏലിശ്വ പേപ്പർ കൺവെർഷൻ | 10 |
| 53 | 275 | കമ്പോസ്റ്റ് ക്യാൻ കാർട്ടൺ ബോക്സ് നിർമ്മാണം | 7 |
| 54 | 297 | എലൈറ്റ് ടീടെയിൽ വെൻച്വർ | - |
| 55 | 310 | അർജ്ജുന നാച്വറൽ ലിമിറ്റഡ് | - |
| 56 | 311 | യുണൈറ്റഡ് ഓയിൽ ഇൻഡസ്ട്രീസ് | 18 |
| 57 | 316 | ഹന്ന ഗ്ലോബൽ സ്പെയേർസ് | 5 |
| 58 | 365 | എസ്.എസ്. ട്രാൻസ്ഫോർമേർസ് | 37 |
| 59 | 367 | ബോസൺ അഗ്രഗേറ്റ്സ്, ക്രഷർ | 4 |
| 60 | 380 | സ്റ്റാർ ആൽഫ | 8 |
| 61 | 381 | ഹൈമാക്സ് മാർക്കറ്റിംങ്, സ്റ്റോക്കിംങ് & ട്രേഡിംങ് | 8 |
| 62 | 382 | എസാർട്ട് ഫുഡ്സ് | 6 |
| 63 | 386 | യൂണിറാൻസ് ഇൻഫ്രാ സൊല്യൂഷൻസ് പ്രൈ.ലിമിറ്റഡ് | 5 |
| 64 | 410 | എം.സ്റ്റാർ എന്റർപ്രൈസസ് | 10 |
| 65 | 411 | കുടിവെള്ള നിർമ്മാണം | - |
| 66 | 445 | ടെന്നി ജോസ് ലിമിറ്റഡ്, വെയർഹൗസ് | 15 |
| 67 | 480 | പോളി ക്യൂബ് വയേർസ് ലിമിറ്റഡ് | 10 |
| 68 | 481 | സെന്റ് മേരീസ് ആർകെയ്ഡ് | 6 |
| 69 | 489 | നോൺവൂമൺ ഫേബ്രിക്സ് യൂണിറ്റ് | 8 |
| 70 | 558 | ഫിഫാ പ്ലാസ്റ്റിക്സ് | 5 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 സ്ഥാപന ലൈസൻസ് ഫീ അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേർസ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കി ലൈസൻസ് ഫീയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

(2) എല്ലാ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, മൂലധന നിക്ഷേപം/യന്ത്രസാമഗ്രികളുടെ കുതിര ശക്തി എന്നിവയുടെ സാധുത ഉറപ്പാക്കി

ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പാർട്ട് പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

(3) പഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെയും ലൈസൻസ് എടുക്കുന്ന സ്ഥാപങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. പഞ്ചായത്തിൽ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്കായി 2208 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുള്ളതാണെങ്കിലും 2018-19 വർഷം 535 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

4. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, 31-10-2017 ലെ ജി ഒ (പി ) 80/2017/ എൽ എസ് ജി ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-,1000/-5000/-,10000/-15000/- എന്ന നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത്തരത്തിൽ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനായി കൃത്യമായ മാനദണ്ഡം നിശ്ചയിച്ച് മൂലധന നിക്ഷേപം നിർണ്ണയിച്ച് ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. പല സ്ഥാപനങ്ങളുടേയും മുലധനനിക്ഷേപം പരിശോധിക്കാതെ ലൈസൻസ് ഫീ നിശ്ചയിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം | ഈടാക്കിയ ഫീ |
|---|---|---|---|
| 1 | 15 | ചാക്ക് പ്രിന്റിങ്ങ് യൂണിറ്റ് | 500 |
| 2 | 20 | വളം നിർമ്മാണം വിൽപന | 500 |
| 3 | 21 | കീടനാശിനി നിർമ്മാണം വിൽപന | 500 |
| 4 | 24 | പ്ളൈവുഡ് നിർമ്മാണം | 2000 |
| 5 | 64 | കാർമ്മൽ ഹോസ്പിറ്റൽ | 2000 |
| 6 | 76 | ലോജിക് ഇൻഡ്യ ട്രേഡിങ്ങ് കമ്പനി | 1000 |
| 7 | 85 | ജീവൽ ഫുഡ് & സ്പൈസസ് | 2000 |
| 8 | 111 | പാനസോണിക് എനർജിഇൻഡ്യ കമ്പനി | 4000 |
| 9 | 122 | പെട്രോൾ പമ്പ് | 1000 |
| 10 | 205 | REG ട്രേഡിങ്ങ് കോർപറേറ്റ് സർവീസ് ലിമിറ്റഡ് | 1000 |
| 11 | 230 | കോൺസിസ്റ്റ് ടെക്നോളജീസ് ഇൻഡ്യ(പി) ലിമിറ്റഡ് | 4000 |
| 12 | 231 | സ്പിയ ടെക് ഇൻഡ്യ(പി) ലിമിറ്റഡ് | 500 |
| 13 | 368 | ഇൻസ്റ്റകാർട്ട് സർവീസ് (പി) ലിമിറ്റഡ് | 1000 |
| 14 | 380 | റെഡിമെയ്ഡ് ഗാർമെന്റ്സ് വിതരണം | 1000 |
| 15 | 382 | എസ്സാർട്ട് ഫുഡ്സ് | 1000 |
| 16 | 409 | റൊളാൻഡ് പേപ്പേർസ് | 500 |

നിശ്ചിത യോഗ്യതയുള്ളവരുടേയോ, ബാങ്കുകൾ, പൊലൂഷൻ കൺട്രോൾ ബോർഡ് മുതലായവയുടെ സാക്ഷ്യ പത്രത്തിന്റേയോ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അതുപ്രകാരം ലൈസൻസ് ഫീ നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. രജിസ്റ്റർ സൂക്ഷിയ്ക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ഉപഖണ്ഡിക (3) -ൽ നിന്നും ഗ്രാമപഞ്ചായത്തിൽ അനേകം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന്

വ്യക്തമാകുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. കൂടാതെ നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-17 ഇ -ടെണ്ടർ ഫീ ലഭിക്കുന്നില്ല

ഇ -ടെണ്ടർ ഫീയായി ലഭിക്കേണ്ട തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. ഈയിനത്തിൽ 2016-17 മുതൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഇ -ടെണ്ടർ ചെയ്ത വർക്കുകളുടെ എണ്ണം | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ഇ-ടെണ്ടർ ഫീസ് |
|---|---|---|---|
| 2016-17 | 2 | 4 | 4,400 |
| 2017-18 | 45 | 54 | 35,900 |
| 2018-19 | 14 | 29 | 35,000 |
| | | ആകെ | 75,300 |

ഇ-ടെണ്ടർ ഫീയായി പഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്.

## 1-18 ഹോമിയോ മരുന്ന് വിതരണം - ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ : 27/19

ആകെ ചെലവ് : 3,00,000/-

ബിൽ നമ്പർ : 2/18-19, തിയതി. 15.1.2019

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് ഡിസ്പെൻസറിയിലേക്ക് ഹോമിയോ മരുന്ന് വിതരണം നടത്തുന്നതിനായി ഹോംകോയ്ക്ക് 3,00,000/- രൂപ 15.1.2019 ൽ നല്കിയിട്ടുണ്ട്. എന്നാൽ 1,00,260/- രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ബാക്കി 1,99,740/- രൂപയ്ക്കുള്ള മരുന്ന് കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കെട്ടിടങ്ങൾ ക്രമവൽക്കരിച്ചപ്പോൾ പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

2018-19 വർഷത്തെ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റ് അനുവദിക്കാതെ പണിപൂർത്തീകരിച്ച കെട്ടിടങ്ങളെ ക്രമവൽക്കരിച്ചപ്പോൾ രാജിയാക്കൽ ഫീസ് മാത്രം ഈടാക്കി ക്രമവൽക്കരിച്ചതായി കാണുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് (ആർ ഡി) വകുപ്പ് സെക്രട്ടറിയുടെ 11-11-2015-ലെ 229813/ആർ ഡി 2/2015/ തസ്വഭവ കത്തു പ്രകാരം ഇത്തരം കേസുകൾ ക്രമവൽക്കരിക്കുന്നതിന് പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ് എന്ന് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്.

| ക്രമ | പെർമിറ്റ് | തരം | വിസ്തീർണ്ണം | ഈടാക്കിയ | രസീത് നം. | ചുമത്തേണ്ട | ഈടാക്കിയതിൽ |
|---|---|---|---|---|---|---|---|

| നം | രജിസ്റ്റർ ക്രമ നം | | | ഫീസ് | | പെർമിറ്റ് ഫീ | കുറവ് വന്ന തുക (പെർമിറ്റ് ഫീസ്) |
|---|---|---|---|---|---|---|---|
| 1 | 126/2018 | റസിഡെൻഷ്യൽ | 195.91 | 1176 | 118070101765 7-5-18 | 1764 | 588 |
| 2 | 131 | റസിഡെൻഷ്യൽ | 136.72 | 821 | 1387/30-418 | 1232 | 411 |
| 3 | 155 | റസിഡെൻഷ്യൽ | 558.42 | 3351 | 3456/28-6-18 | 5027 | 1676 |
| 4 | 163 | റസിഡെൻഷ്യൽ | 102.96 | 618 | 2327/19-5-18 | 927 | 309 |
| 5 | 164 | റസിഡെൻഷ്യൽ | 50.46 | 303 | 2078/15-5-18 | 455 | 152 |
| 6 | 174 | കൊമേർഷ്യൽ | 272.17 | 2722 | 4923/19-9-18 | 4083 | 1361 |
| 7 | 182 | റസിഡെൻഷ്യൽ | 140.93 | 846 | 3492/29-6-18 | 1269 | 423 |
| 8 | 191 | റസിഡെൻഷ്യൽ | 291.02 | 1747 | 4142/25-7-18 | 2621 | 874 |
| 9 | 237 | കൊമേർഷ്യൽ | 46.29 | 463 | 4520/14-8-18 | 695 | 232 |
| 11 | 252 | റസിഡെൻഷ്യൽ | 205.08 | 1231 | 5835/12-11-18 | 1847 | 616 |
| 12 | 267 | കൊമേർഷ്യൽ | 10.96 | 110 | 5229/6-10-18 | 165 | 55 |
| 13 | 269 | കൊമേർഷ്യൽ | 46.17 | 462 | 5325/10-10-18 | 693 | 231 |
| 14 | 271 | കൊമേർഷ്യൽ | 180.89 | 1809 | 8698/25-2-19 | 2714 | 905 |
| 15 | 296 | കൊമേർഷ്യൽ | 11.05 | 111 | 5946/19-11-18 | 167 | 56 |
| 16 | 298 | റസിഡെൻഷ്യൽ | 107.57 | 646 | 5863/14-11-18 | 969 | 323 |
| 17 | 305 | റസിഡെൻഷ്യൽ | 101.96 | 612 | 5695/5-11-18 | 918 | 306 |
| 18 | 308 | കൊമേർഷ്യൽ | 48.61 | 487 | 6037/24-11-18 | 731 | 244 |
| 19 | 310 | കൊമേർഷ്യൽ | 122.46 | 1225 | 6167/10-12-18 | 1838 | 613 |
| 20 | 313 | കൊമേർഷ്യൽ | 97.53 | 976 | 6562/28-12-18 | 1464 | 488 |
| 21 | 363 | കൊമേർഷ്യൽ | 9.61 | 97 | 6784/14-1-19 | 146 | 49 |
| 22 | 16/2019 | കൊമേർഷ്യൽ | 229.3 | 2293 | 8941/1-3-19 | 3440 | 1147 |

| | | | | | | | |
|---|---|---|---|---|---|---|---|
| 24 | 20 | കൊമേർഷ്യൽ | 27.37 | 274 | 8267/14-2-19 | 411 | 137 |
| 24 | 39 | കൊമേർഷ്യൽ | 132.71 | 1328 | 8558/22-2-19 | 1992 | 664 |

അപാകതയ്ക്ക് നൽകിയ മറുപടിയിൽ ക്രമവൽക്കരിക്കുന്നതിനുള്ള ഒരു കെട്ടിട പെർമിറ്റിനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം ഒരു പുതിയ കെട്ടിട പെർമിറ്റിന് വേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിലാണ് രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസും ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. ഈ മറുപടി അംഗീകരിക്കുന്നില്ല. കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമുള്ള കേസുകളിൽ പെർമിറ്റില്ലാതെ നിർമ്മാണം നടത്തുന്നവ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഉൾപ്പെടെ പെർമിറ്റ് ഫീസിന്റെ മൂന്നിരട്ടി ഈടാക്കേണ്ടതാണ്. ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-20 തെരുവുവിളക്കകളുടെ പരിപാലനം- അപാകതകൾ

2018-19 വർഷം പ്രതിമാസം ഏകദേശം 3 ലക്ഷം രൂപ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ അടക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച സ്ഥിതി വിവര കണക്ക് സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആകെ 19 വാർഡുകളാണ് ഉള്ളത് . നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവു വിളക്കുകളുടെ വിവരം വാർഡ് തലത്തിൽ ശേഖരിച്ച് ഇവ വിച്ഛേദിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അവയ്ക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നുണ്ടെങ്കിൽ ആയത് അവസാനിപ്പിക്കേണ്ടതുമാണ്. തെരുവു വിളക്കുകൾ സ്ഥാപിക്കുമ്പോൾ 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ.)നം 22/2018 ത.സ്വ.ഭ.വ – 13-ാം പദ്ധതി മാർഗ്ഗ രേഖ – സബ്സിഡി പൊതു വിഷയങ്ങൾ ഐറ്റം - 7.9 പ്രകാരം ഊർജ്ജ ക്ഷമതയാർന്നതും മറ്റ് ലാമ്പുകളെ അപേക്ഷിച്ച് വിലക്കുറവുള്ളതും, ആയുസ്സ് കൂടിയതും, പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമായ എൽ.ഇ.ഡി. ലാമ്പുകൾക്ക് മുൻഗണന നൽകേണ്ടതാണ്. വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കിയും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ടും സ്ട്രീറ്റ് ലൈറ്റിന് ആവശ്യമായ എൽ.ഇ.ഡി. ലാമ്പുകൾ വാങ്ങാവുന്നതാണ്.

കൂടാതെ, അറ്റകുറ്റപ്പണി ഏറ്റെടുത്തു നടത്തിയ കരാറുകാരന് തുക നൽകിയിരിക്കുന്നത് വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ തെരുവുവിളക്കുകൾ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ സാക്ഷ്യപത്രത്തിലോ കരാറുകാരൻ നൽകിയ ബില്ലിലോ സൂചിപ്പിച്ചിട്ടില്ല. ബില്ലുകളിൽ പ്രസ്തുത വിവരം ചേർക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ കരാറുകാരൻ സ്വന്തമായി വാങ്ങി സ്ഥാപിക്കുന്ന ബൾബുകളും ട്യൂബുകളും ഗുണനിലവാരം ഉള്ളതാണെന്ന് ഉറപ്പ് വരുത്തുന്നതിനായി പർച്ചേസ് ബില്ലുകളും ഗ്യാരണ്ടി പേപ്പറുകളും പഞ്ചായത്തിന് സമർപ്പിക്കുവാൻ നിർദ്ദേശിക്കാവുന്നതാണ് .

## 1-21 തൊഴിലുറപ്പ് പദ്ധതി-കരാർ തുകയിൽ നിന്ന് ടിഡിഎസ് ഇനത്തിൽ കുറവു ചെയ്യുന്നത് സംബന്ധിച്ച്.

തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മെറ്റീരിയൽ സപ്ളൈ ചെയുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും 2018-19 വർഷം 253287/- രൂപ കരാറുകാരന് നൽകിയിട്ടുള്ളതായും കാണുന്നു. നോട്ടിഫിക്കേഷൻ നം 50/2018/ സെൻട്രൽ ടാക്സ് തി 13.9.2018 പ്രകാരം 1-10-2018 മുതൽ കരാർ തുക 2.5 ലക്ഷം രൂപയിൽ കൂടിയാൽ 1% CGST, 1% SGST എന്നിവ , ടിഡിഎസ് ഇനത്തിൽ കുറവു ചെയ്യേണ്ടതാണ്. മേൽ കരാർ പ്രകാരം നൽകിയ തുകയുടെ വിശദാംശങ്ങളും ടിഡിഎസ് കുറവു ചെയ്തിട്ടുണ്ടെങ്കിൽ ഈ വിവരവും എത്രയും വേഗം അറിയിക്കേണ്ടതാണ്.

അപാകതയ്ക്കുള്ള മറുപടിയിൽ ടിഡിഎസ് ഇനത്തിൽ കുറവു ചെയ്യേണ്ടതാണ് എന്ന നിർദേശം 30-7-2019 നാണ് നൽകിയിട്ടുള്ളത് എന്നും ഭാവിയിൽ ജി എസ് ടി , ടിഡിഎസ് കുറവു ചെയ്യുന്നതാണ് എന്നും അറിയിച്ചു. ജി എസ് ടി, ടിഡിഎസ് നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-22 ബാങ്ക് അക്കൗണ്ട് - ബാലൻസ് തുകക്ക് പലിശ ലഭിയ്ക്കുന്നില്ല

പഞ്ചായത്തിന് ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിലുള്ള (നം.00528100000099)ബാലൻസ് തുകക്ക് 24-5-2017 ന ശേഷം പലിശ ലഭ്യമായിട്ടില്ല. അപാകതയ്ക്കുള്ള മറുപടിയിൽ പലിശ ലഭ്യമാക്കുന്നതിനായി ജില്ലാ സഹകരണ ബാങ്കിന് കത്ത് നൽകിയിട്ടുള്ളതായും പലിശ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ് എന്നും ബോധിപ്പിച്ചു. അനുവദനീയമായ പലിശയുടെ കൃത്യതയും അത് സമയാസമയങ്ങളിൽ ലഭ്യമാകുന്ന എന്നും ഉറപ്പാക്കേണ്ടതാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ

1. ലോഗ് ബുക്ക്

എ) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 41G 7030 വാഹനത്തിന്റെ ലോഗ് ബുക്കിൽ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയോ ടെസ്റ്റ് സർട്ടിഫിക്കറ്റ് അറ്റാച്ച് ചെയ്യുകയോ ചെയ്തിട്ടില്ല.

ബി) എല്ലാ മാസാവസാനത്തിലും അതാത് മാസത്തെ ആകെ ഇന്ധന ഉപയോഗം കണക്കാക്കി ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകുന്ന അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഇൻകംബെൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
4. സ്യൂട്ട് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല.

# 1-24 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.,

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 1654 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 2544 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 611 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 717 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 40350 |
| ഒരു കുടുംബത്തിന ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 71.04% |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 197 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 71.04% തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 611 കുടുംബങ്ങളിൽ 197 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. അതായത് 32.24%.

ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്ത് കാര്യമായ താല്പര്യം കാണിച്ചിരുന്നില്ല എന്ന വ്യക്തമാകുന്നു. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 വി.ഇ.ഓ. നടപ്പാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ

1. ഭവനപദ്ധതി മുതലായവ നടപ്പാക്കുമ്പോൾ ഓരോ ഘട്ടവും പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുന്ന രീതിയിൽ ഫോട്ടോകൾ, രേഖകൾ എന്നിവ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ചില ഗുണഭോക്താക്കളുടെ ഫയലുകളിൽ ആയവ ഇല്ലാതെ തന്നെ മുഴുവൻ ഗഡുക്കളും അനുവദിച്ചതായി കാണുന്നു.

2. ഗാർഹിക കുടിവെള്ളകണക്ഷനുകൾ അനുവദിക്കുമ്പോൾ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ L.S.G.D. ഓവർസിയർ സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. ആയത് പാലിച്ചിട്ടില്ല.

3. മുൻപ് ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട് എന്ന് ചില ഗുണഭോക്താക്കൾ തന്നെ അപേക്ഷകളിൽ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ ഇവർക്ക് തൻവർഷം ആനുകൂല്യം അനുവദിച്ചപ്പോൾ മേൽ വിവരം കൂടി കണക്കിലെടുത്ത് അർഹത ഉറപ്പുവരുത്തിയിരുന്നോ എന്ന് ഫയലിൽ രേഖപ്പെടുത്തലുകളില്ല.
ഭാവിയിൽ പദ്ധതിനിർവഹണത്തിൽ മേൽ വസ്തുതകൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം(SCP വനിത)- ബിൽതുകയിൽ 2% GST TDS കിഴിവ് നടത്തിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ : S029/19

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ആകെ ചെലവ് : 4,11,600/- രൂപ

മേൽ പദ്ധതിപ്രകാരം സപ്ലൈ ചെയ്ത ലാപ്പ്ടോപ്പുകളുടെ ആകെ തുക രണ്ടര ലക്ഷത്തിൽ അധികരിച്ച സാഹചര്യത്തിൽ ഇവ സപ്ലൈ ചെയ്ത നിയോ സിസ്റ്റംസ്, ഒറ്റപ്പാലം എന്ന സ്ഥാപനത്തിന് ബിൽ തുക നല്കിയ വേളയിൽ കേന്ദ്ര ചരക്ക് സേവനനികുതി നിയമം 2017- സെക്ഷൻ 51, സർക്കുലർ നം. 65/39/2018 -DOR, തീ.14.9.2018 എന്നിവയിൽ അനുശാസിക്കുന്ന 2% GST TDS കിഴിവ് നടത്തേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ കിഴിവ് വരുത്താതെയാണ് തുക നല്കിയിരിക്കുന്നത്. കരാറുകാരനിൽ നിന്ന് TDS തുക ഈടാക്കി നികുതി അടവാക്കേണ്ടതാണ്.

# 1-27 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - അപാകത

പ്രോജക്റ്റ് നമ്പർ : 52/19

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ആകെ ചെലവ് : 95,000/-രൂപ

ബിൽ നമ്പർ : 4/18-19/8-2-19

മേൽ പ്രോജക്റ്റിൽ മരുന്ന് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച നാലു ടെണ്ടറുകളിൽ രണ്ടെണ്ണത്തിൽ ഒരേ നിരക്കാണ് മരുന്നുകൾക്ക് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കാണുന്നു. യുണൈറ്റഡ് ഏജൻസീസ് - കോതമംഗലം, വീ-വീ ഫാർമ – കട്ടപ്പന എന്നീ സ്ഥാപനങ്ങളാണ് ആകെയുള്ള 28 ഇനം മരുന്നുകൾക്കും ഒരേ നിരക്ക് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ കുറഞ്ഞ നിരക്ക് ഓഫർ ചെയ്ത യുണൈറ്റഡ് ഏജൻസീസ് കോതമംഗലം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാവുന്നതാണെന്ന് ടെണ്ടർ ടാബുലേഷൻ ഷീറ്റിൽ വെറ്റിറനറി സർജൻ സാക്ഷ്യപ്പെടുത്തി തീരുമാനമെടുക്കുകയും ആയത് 3-12-2018 ലെ 15/1 നം തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തു. അതിന്നടിസ്ഥാനത്തിൽ യുണൈറ്റഡ് എജൻസീസിൽ നിന്ന് മരുന്ന് വാങ്ങുകയും ചെയ്തിരിക്കുന്നു. രണ്ട് സ്ഥാപനങ്ങൾ ഒരേ നിരക്ക് ഓഫർ ചെയ്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങളുമായി നെഗോഷ്യേറ്റ് ചെയ്ത് നിരക്കുകളിൽ കുറവ് ലഭ്യമാക്കാനും അതിൽനിന്ന് കുറഞ്ഞ നിരക്ക് ഓഫർ ചെയ്യുന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കാനും നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഒരേ നിരക്ക് ഓഫർ ചെയ്ത മേൽ സൂചിപ്പിച്ച രണ്ട് സ്ഥാപനങ്ങളിൽ നിന്ന് യുണൈറ്റഡ് ഏജൻസീസ് കോതമംഗലത്തിനെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്നടിസ്ഥാനത്തിലാണെന്ന് ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും (നം. 6/18-19) മറുപടി തൃപ്തികരമായിരുന്നില്ല. ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ നെഗോസിയേഷൻ നടത്തി കരാർ ഉറപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 141389 | നെൽകൃഷി വികസനം | 141389 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 990000 | ലൈഫ് മിഷൻ – ഭവനനിർമ്മാണം | 990000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 164000 | ക്ഷീരകർഷകർക്ക് സബ്സിഡി | 164000 | 0 |
| ജില്ലാ പഞ്ചായത്ത് | 18-19 | 1000000 | ലൈഫ് മിഷൻ – ഭവനനിർമ്മാണം | 940000 | 60000 |
| ജില്ലാ പഞ്ചായത്ത് | 18-19 | 375000 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 375000 | 0 |
| ജില്ലാ പഞ്ചായത്ത് | 18-19 | 1000000 | കമ്മ്യൂണിറ്റി ഹാൾ നവീകരണം | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 18-19 | 78400 | ക്ഷീരകർഷകർക്ക് സബ്സിഡി | 78400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 90000 | ലൈഫ് മിഷൻ – ഭവനനിർമ്മാണം-എസ് സി | 0 | 90000 |
| ജില്ലാ പഞ്ചായത്ത് | 18-19 | 800000 | ലൈഫ് മിഷൻ – ഭവനനിർമ്മാണം-എസ് സി | 0 | 800000 |
| ജില്ലാ പഞ്ചായത്ത് | 18-19 | 200000 | ലൈഫ് മിഷൻ – ഭവനനിർമ്മാണം-ജനറൽ | 0 | 200000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല. 2014-15 സാമ്പത്തിക വർഷം മുതൽ 2017-18 വർഷം വരെ പ്രവൃത്തി നടത്തിയതിന്റെ ബാക്കി തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | Electricity line extension general | - | 1360300 | - | 1360300 |
| KWA | Drinking water pipe line | - | 1914839 | - | 1914839 |
| ANERT | Electricity Micro Hydel Project | - | 459800 | - | 459800 |

ടി പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 66,40,000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | KURDFC | 66,40,000 | -- | - | -- | 66,40,000 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 41,56,233 |
| തൻവർഷം നിക്ഷേപിച്ച തുക | 3,64,134 |
| ആകെ | 45,20,367 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 45,20,367 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കുട്ടമശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 10/4/2018 | upto 9/4/19 | 23,66,083 | |
| 2. | -ടി- | 2/8/2017 | upto 1/8/19 | 21,54,284 | |
| | | | ആകെ | 45,20,367 | |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 8, 9 | 2003-04 | മരാമത്ത് പണികൾക്ക് അധിക തുക നൽകിയത് | - | പരിഹരിച്ചിട്ടില്ല |
| 2008-09 | 3,4 | 2012-13 | പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ പരിശീലനകേന്ദ്രം | - | പരിഹരിച്ചിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,57,62,075 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,38,76,820 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല.**

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

**ഇല്ല**

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

**ഇല്ല**

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.ഇ.കെ.എം (പി 5)681(i)/18, 15.09.18 |
| 1997-98 | കെ.എസ്.എ.ഇ.കെ.എം (പി 5)681(ii)/18, 15.09.18 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം (പി 5)681(iii)/18, 15.09.18 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം (പി 5)681(iv)/18, 15.09.18 |
| 2000-01 (നോൺ പ്ലാൻ ചെലവ്) | കെ.എസ്.എ.ഇ.കെ.എം (പി 5)681(vi)/18, 15.09.18 |
| 2000-01 (പ്ലാൻ) | കെ.എസ്.എ.ഇ.കെ.എം (പി 5)681(vii)/18, 15.09.18 |
| 2001-02 വരവ് | കെ.എസ്.എ.ഇ.കെ.എം (പി 5)681(viii)/18, 15.09.18 |
| 2002-03 ചെലവ് | കെ.എസ്.എ.ഇ.കെ.എം (പി 5)681(xii)/18, 15.09.18 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xiii)/18, 15.09.18 |
| | |

| | |
|---|---|
| 2004-05 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xiv)/18, 15.09.18 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xv)/18, 15.09.18 |
| 2006-07 | എൽഎഫ്ഇ (പി 5)1315/12, 12.11.12 |
| 2007-08 | എൽഎഫ്ഇ (പി 5) 645/09, 02.05.12 |
| 2008-09 | എൽഎഫ്ഇ (പി 5)1663/11/, 17.07.12 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ.ഇ.കെ.എം (പി 5)387/17, 17.06.17 |
| 2012-13 | കെ.എസ്.എ.ഇ.കെ.എം (പി 5)1025/16, 12.06.17 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം (പി 5)1125/16, 31.05.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി 5)733/17, 25.07.18 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി 5)1648/17, 18.07.18 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം (പി 5)2320/18, 10.07.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

# <u>അനുബന്ധം 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(6), കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കീഴ്മാട്**

**ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>അനുബന്ധം</u>

നൂനതകളുടെ സംഗ്രഹം

1. വസ്തു നികുതി സംബന്ധിച്ച് സഞ്ചയ പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും മൂല്യനിർണ്ണയം നടത്തി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷികകണക്കുകളിലെ ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## <u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of **Keezhmad Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of **Keezhmad Grama Panchayat** for the year 2018-19,subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Annexure

Abstract of Defects / Discripancies.

1. The Accounts of property tax in AFS differs with the Sanchaya Account.

2. The Asset Register is not updated completely including the land owned by the Panchayat and reconciled with AFS.

3. The Deposit Register is not maintained according to the head wise details and reconciled with the Annual Financial Statement.

DEPUTY DIRECTOR

sj